(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സ്ഥാപനം	തിരിച്ചടവ് കാലാവധി
HUDCO	7 വർഷം
KTDFC	5 വർഷം
LIC	13 വർഷം
DCB, PLKD	7 വർഷം
KST - 133	5 വർഷം

കെ.എസ്.ആർ.ടി.സി. പെൻഷൻ ലഭിക്കാതെ ആത്മഹത്യ ചെയ്ത കുടുംബങ്ങൾക്ക് ധനസഹായം

319 (323) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ആർ.ടി.സി.യിൽ നിന്നും പെൻഷൻ യഥാസമയം ലഭിക്കാതെ വന്നിട്ടുള്ള സാഹചര്യംമൂലം എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്; അപ്രകാരം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും സഹായങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പെൻഷൻ മുടങ്ങാതെ നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെൻഷൻ വിതരണത്തിലെ കാലതാമസംമൂലം ഇത്തരം സംഭവങ്ങളുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കെ. എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണത്തിനായി ഏപ്രിൽ 1 മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം കോർപ്പറേഷൻ ടഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായി, പ്രതിവർഷം പരമാവധി 240 കോടി രൂപ നോൺ പ്ലാൻ വിഹിതമായി സർക്കാർ കോർപ്പറേഷന് അനുവദിക്കുന്നതാണ്. ഇത്തരത്തിൽ 2015 ഏപ്രിൽ മാസം

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിച്ച 14.40 കോടി രൂപയ്ക്ക് ആനുപാതികമായ സർക്കാർ വിഹിതവും ചേർത്ത് 28.80 കോടി രൂപ ഇതിനകം കോർപ്പറേഷന് അനുവദിച്ചുനൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം കോർപ്പറേഷനിൽ പെൻഷൻ ഫണ്ട് രൂപീകരിക്കുന്ന സാഹചര്യത്തിൽ പെൻഷൻ കാലതാമസം കൂടാതെ വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജൂൺ മാസത്തിൽ പെൻഷൻ ഫണ്ടിലേക്ക് 20 കോടി രൂപ കെ.എസ്.ആർ.ടി.സി. ട്രഷറി അക്കൗണ്ടിൽ അടച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

320 (324) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ ;

(ബി) പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(സി) സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും നവീകരിച്ച് കരകയറ്റി ലാഭത്തിലേയ്ക്ക് നയിക്കുന്നതിനായാണ് പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയത്.

(ബി) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly